# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4086 — 03.02.2014-ൽ മറുപടിയ്ക്ക്

## തൃശൂർ പെരിമ്പിലാവ് പി.എ ച്ച്. സി യിൽ മരുന്ന് ക ത്തിച്ച നശിപ്പിച്ച സംഭവം

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) തൃശൂർ ജില്ലയിലെ പെരിമ്പിലാവ് പി. എച്ച്.സി യിൽ മരുന്ന് കത്തിച്ച നശിപ്പിച്ച കളഞ്ഞ സംഭവ ത്തിൽ ആരോഗ്യവ കുപ്പ് അന്വേഷണം നടത്തുകയുണ്ടായോ ; | (എ) അന്വേഷണം നടത്തുകയുണ്ടായി. |
| (ബി) എങ്കിൽ എത്ര രൂപയുടെ മരുന്നു കളാണ് നശിപ്പിച്ചത്; ഏതു സാഹചര്യ ത്തിലാണ് മരുന്ന് ക ത്തിച്ച നശി പ്പിച്ചുകള യാൻ അനുമതി നൽകിയത്; ആരാണ് അനുമതി നൽകിയത്; അനുമതി ഉ ത്തരവിന്റെ പ കർപ്പ് ലഭ്യമാക്കാമോ; | ബി) 9112/ രൂപയുടെ മരുന്നാണ് കത്തിച്ചത്. മരുന്ന് കത്തിച്ച കളയാൻ ആരോഗ്യവകുപ്പിൽ നിന്നും അനുമതി നൽകിയിട്ടില്ല. |
| (സി) രോഗികൾക്ക് നൽകേ ണ്ട മരുന്നുകൾ വ്യാജ പ്പേരുകളിൽ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്തതായി കാണി ച്ചാണ് മരുന്ന് നശിപ്പിച്ചുകളഞ്ഞതെന്ന വ്യാപക മായ ആക്ഷേപ ത്തെക്കുറി ച്ച് അന്വേഷണം നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ അന്വേ ഷിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) & (ഡി) പ്രസ്തുത സംഭവത്തിന്റെ ഗൗരവം മനസ്സിലാക്കി, തൃശൂർ ജി ല്ലാ മെഡിക്കൽ ഓഫീസിലെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ആഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ നേതൃത്വത്തിൽ 16.01.2014 – ൽ സ്ഥലം സന്ദർശിക്കുകയും 17.01.2014 ന് ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ, സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ എന്നിവരുടെ നേതൃത്വത്തിൽ വിശദമായ അന്വേഷണവും സ്റ്റോർ വെരിഫിക്കേഷനും നടത്തുകയും സ്റ്റോക്ക് രജിസ്റ്ററിൽ വ്യാജ പേരുകളിൽ മരുന്നുകൾ ഒന്നും ചേർത്തിട്ടില്ല എന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർ, ഡി.പി.എം. എന്നിവർ സ്ഥലം സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. |

| | |
|---|---|
| (ഡി ) ആശുപത്രികളിൽ ആവശ്യത്തിനു മരുന്നുകൾ ലഭിക്കാതെ പാവപ്പെട്ട രോഗികൾ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ മരുന്നുകൾ കൂട്ടിയിട്ടു കത്തിച്ചുകളഞ്ഞ സംഭവം ഗൗരവമായി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | |
| (ഇ) എങ്കിൽ പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ടവർക്കതിരെ എടുത്ത ശിക്ഷാ നടപടി എന്തൊക്കെയാണ്;വിശദാംശം വ്യക്തമാക്കാമോ ? | (ഇ) പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ടവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്. കൂടാതെ മേൽനോട്ട വീഴ്ച്ച് മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരോട് വിശദീകരണവും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ